Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Email: art@art-artist.in
Ph: 8075303289

22.10.2020

To,

The Chief Minister
The Health Minister
The Director General of Police
The Home Secretary (Res. No.2 of Ref-9)
All The District Collectors (Res. No.3 to 16 of Ref-9)
All The District Supdt. of Police (Res. No. 17 to 30 of Ref-9)
The Devaswom Commissioner (Res. No. 2 of Ref-10)
The Director, Vigilance and Anti-Corruption Bureau
The Chairman, Kerala State Pollution Control Board
The Chairman, Kerala State Human Rights Commission
The Secretary Environment Department
The Secretary Law Department

Sir,

Sub: Ref-14 ലെ കത്ത് ലഭിച്ച് 10 മാസങ്ങളായിട്ടും Ref-1 ഇ-പെറ്റീഷനിൽ ആവശ്യപ്പെട്ടത് പ്രകാരം NPR 2000 നടപ്പാക്കാത്തത് സംബന്ധിച്ച്.

Ref:
1. E.ptn 8037/2019 dtd. 23.12.2019 to Hon. CM **(Attached)**
2. E.ptn 4982/2018 dtd. 16.7.2018 to Hon. CM **(Attached)**
3. Letter No. K11-110550/2018/PHQ dtd.29.9.2018
4. Environment Protection Act. 1986, Sec. 15 ( www.ail.art-artist.in Link-4 a)
5. Noise Pollution (Regulation and Control) Rules, 2000, Sec. 5, 6 ( www.ail.art-artist.in Link-4 b)
6. Supreme Court Judgment in CA No. 3735/2005 ( www.ail.art-artist.in Link-4 c)
7. Silence Zone Gazette Notification G.O (P) No. 64/2002 ( www.ail.art-artist.in Link-8)
8. PHQ Notification No. U6-30380/2002 ( www.ail.art-artist.in Link-9)
9. Indian Medical Association Report 2014 Sound & Noise Page-22, 23, 24 ( www.ail.art-artist.in Link-3a)
10. Kerala High Court Order W.A.No.235/1993 to implement NPR 2000 strictly without any Religious Discrimination ( www.ail.art-artist.in Link-12)
11. Kerala High Court Order WP(C) No.30711/2017(L) to remove all Horn Type Loudspeakers from Devaswom Temples ( www.ail.art-artist.in Link-18a, b)
12. Kerala State Human Rights Commission Order HRMP No.4746/2011 ( www.ail.art-artist.in Link-14)
13. W.A.No.235/1993 ലെ 30 കക്ഷികൾക്കും 21.8.2019 ന് അയച്ച പരാതി ( www.ail.art-artist.in Link-27)
14. No.A3/19/2020/Envt dtd.12.2.2020, “State Govt. has already taken action to implement Noise Rule in Kerala” എന്ന് പറഞ്ഞ് കബളിപ്പിക്കുന്ന കത്ത് ( www.ail.art-artist.in Link-31)

1. **Ref-1** ബഹു. മുഖ്യമന്ത്രിക്കും ബന്ധപ്പെട്ടവർക്കും 23.12.2019 ന് സമർപ്പിച്ചതിന്റെ ഫലമായി 17.2.2020 ന് എനിക്ക് ലഭിച്ച **Ref-14** ലെ കത്തിൽ **"State Govt. has already taken action to implement Noise Rule in Kerala"** എന്ന് പറഞ്ഞിരിക്കുന്നു, എന്നാൽ Noise Pollution (Regulation and Control) Rules, 2000 നാളിതുവരെ നടപ്പാക്കിയിട്ടില്ല.

2. 19.2.2020 ന് Envt. Dept. ൽ അന്വേഷിച്ചപ്പോൾ ഒപ്പിടാൻ CM ന് നൽകിയിരിക്കയാണെന്നും ഒപ്പിട്ടാലുടൻ Govt. Press ൽ അയച്ച് പ്രിന്റ് ചെയ്ത് Gazette പ്രസിദ്ധീകരിക്കുകയും എന്നെ അറിയിക്കുകയും ചെയ്യുമെന്ന വിവരം ലഭിച്ചു.

3. മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരു പുരോഗതിയും കാണാത്തതിനാൽ വീണ്ടും Envt. Dept. ൽ അന്വേഷിച്ചപ്പോൾ File, Law Dept. ൽ ആണെന്നും വിശദമായ അന്വേഷണം നടത്തിയപ്പോൾ Leg-F ൽ ആണെന്ന് അറിയുകയും അവിടെ അന്വേഷിച്ചപ്പോൾ അവർക്ക് അതിൽ ഒന്നും ചെയ്യാനില്ലാത്തതിനാൽ Law Secretary യ്ക്ക് തിരികെ അയച്ചെന്ന വിവരം നൽകുകയും ചെയ്തു, തുടർന്ന് നിരന്തരം നടത്തിയ അന്വേഷത്തിന്റെ ഫലമായി File, 13.10.2020 ന് Envt. Dept. ൽ തിരികെ അയച്ചെന്ന വിവരം ലഭിക്കുകയും ചെയതു.

4. ബഹു. മുഖ്യമന്ത്രിയുടെ 23.8.2019 ലെ പ്രസ്ഥാവന ഒരു വർഷം കഴിഞ്ഞിട്ടും നടപ്പാക്കാനായിട്ടില്ല.

# ശബ്ദമലിനീകരണം: കർശന പിഴ പരിഗണനയിൽ -മുഖ്യമന്ത്രി



തിരുവനന്തപുരം: നിശ്ചിത ഡെസിബല്ലിന് മുകളിലുള്ള ശബ്ദങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ കർശന പിഴ ചുമത്തുന്ന കാര്യം പരിഗണനയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സുരക്ഷിത ശബ്ദത്തിനായുള്ള പ്രഥമ ഗ്ലോബൽ പാർലമെന്റിന്റെ ഗ്ലോബൽ കൺവൻഷനും ശില്പശാലയും ആക്കുളം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിൽ (നിഷ്) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇയർ ഫോൺ വച്ച് പാട്ട് കേട്ട് ഉറങ്ങുന്നത് നിയമത്തിലൂടെ തടയാൻ സാധിക്കില്ല. അതേസമയം ഹോണുകൾ ഉൾപ്പെടെ നിശ്ചിത ഡെസിബല്ലിൽ കൂടുതലുള്ള ശബ്ദങ്ങൾ നിയമത്തിലൂടെ തടയാം. സുരക്ഷിത ശബ്ദത്തിന് നിയമവും ബോധവത്ക്കരണവും ആവശ്യമാണ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നാഷണൽ ഇനിഷ്യേറ്റീവ് ഫോർ സേഫ് സൗണ്ടുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന സുരക്ഷിത ശബ്ദത്തിനായുള്ള ആഗോള സമ്മേളനത്തിന്റെ മാർഗ നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു..

ഐ.എം.എ. സംസ്ഥാന സെക്രട്ടറി ഡോ. എൻ. സുൽഫി അദ്ധ്യക്ഷത വഹിച്ചു. ഗ്ലോബൽ പാർലമെന്റ് ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ. സി. ജോൺ പണിക്കർ, എ.ഒ.ഐ. കേരള സെക്രട്ടറി ഡോ. ഗീത നായർ, ഐ.എം.എ. തിരുവനന്തപുരം പ്രസിഡന്റ് ഡോ. അനുപമ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ജി. എസ്. വിജയകൃഷ്ണൻ, നിഷ് ഡയറക്ടർ ഡോ. കെ. ജി. സതീഷ്കുമാർ എന്നിവർ പങ്കെടുത്തു.

ഇന്നും നാളെയുമായി കോവളം ഹോട്ടൽ സമുദ്രയിൽ നടക്കുന്ന ഗ്ലോബൽ പാർലമെന്റിൽ വിദഗ്ധർ പങ്കെടുക്കും.

5. ബഹു. കോടതി വിധി മാധ്യമങ്ങളിൽ വന്നാലുടൻ Traffic Rules Violation നടത്തുന്നവർക്കെതിരെ Hi-Tech സംവിധാനങ്ങളും E-Challan ഉം ഒക്കെ ഉപയോഗിച്ച് നടപടിയെടുക്കാൻ വളരെ വ്യഗ്രതയും ശുഷകാന്തിയും കാണിക്കുന്നു, അതിനായി ആരും പരാതി പോലും നൽകേണ്ടതില്ല. എന്നാൽ Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കാൻ അനേകം പരാതികൾ നൽകിയാൽ പോലും യാതൊരു നടപടിയും ഉണ്ടാവുന്നില്ല, മറിച്ച് പരാതിക്കാരുടെ personal details ചോദിച്ച് ഒറ്റ് കൊടുക്കാനാണ് ഉദ്ദ്യോഗസ്ഥർ ശ്രമിക്കുന്നത്.

6. **Ref-5** ലെ താഴെപറയുന്ന Section 5 & 6 കർശനമായി പാലിക്കപ്പെടുന്നു എന്ന് സർക്കാരും ബന്ധപ്പെട്ട ഉദ്ദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

"5. Restrictions on the use of loudspeakers/public address system.

(1) A loud speaker or a public address system shall not be used except after obtaining written permission from the authority.
(2) A loud speaker or a public address system shall not be used at night (between 10.00 p.m. to 6.00 a.m. except in closed premises for communication within, e.g. auditoria, conference rooms, community halls and banquet halls.

6. Consequences of any violation in silence zone/area. Whoever, in any place covered under the silence zone/area commits any of the following offence, he shall be liable for penalty under the provisions of the Act:- (i) whoever, plays any music or uses any sound amplifiers, (ii) whoever, beats a drum or tom-tom or blows a horn either musical or pressure, or trumpet or beats or sounds any instrument, or (iii) whoever, exhibits any mimetic, musical or other performances of a nature to attract crowds."

ബഹു. സുപ്രീം കോടതിയുടെ ടി വിധി അനുസരിക്കാത്ത കുറ്റക്കാർക്കെതിരെ **Ref-4** ലെ Section-15 പ്രകാരം സർക്കാരും ബന്ധപ്പെട്ട ഉദ്ദ്യോഗസ്ഥരും കർശന നടപടിയെടുക്കേണ്ട താണ്.

**15. Penalty for contravention of the provisions of the act and the rules, orders and directions -** (1) Whoever fails to comply with or contravenes any of the provisions of this Act, or the rules made or orders or directions issued thereunder, shall, in respect of each such failure or contravention, be punishable with imprisonment for a term which may extend to five years with fine which may extend to one lakh rupees, or with both, and in case the failure or contravention continues, with additional fine which may extend to five thousand rupees for every day during which such failure or contravention continues after the conviction for the first such failure or contravention.

(2) If the failure or contravention referred to in sub-section (1) continues beyond a period of one year after the date of conviction, the offender shall be punishable with imprisonment for a term which may extend to seven years.

7. **Ref-10** ൽ State of Kerala, Home Secretary, All District Collectors, All District Supdt. of Police, 1 മുതൽ 30 വരെ കക്ഷികളാണ്. മത വ്യത്യാസമില്ലാതെ Noise Pollution (Regulation and Control) Rules, 2000 കർശനമായി നടപ്പാക്കാൻ ഈ ഉത്തരവിൽ വ്യക്ത മായി പറഞ്ഞിരിക്കുന്നു. **ടി കക്ഷികൾ ടി വിധി നടപ്പാക്കാൻ ബാദ്ധ്യസ്ഥരാണ്**.

8. കോളാമ്പികൾ ഉപയോഗിക്കുന്നവർക്കെതിരെ നേരിട്ടും, ബോക്സ് ടൈപ്പ് ഉച്ചഭാഷിണികൾ നിശ്ചിത ഡെസിബെൽ ലെവൽ പാലിക്കുന്നില്ലെന്ന് സംശയമുണ്ടെങ്കിൽ dB Level Meter ഉപയോഗിച്ച് അളന്ന് നോക്കിയും പോലീസ് നടപടിയെടുക്കേണ്ടതാണ്, dB Level അളക്കാൻ ആവശ്യമെങ്കിൽ KSPCB ന്റെ സഹായം തേടാവുന്നതുമാണ്.

9. ആയതിനാൽ, അനാവശ്യമായ കാലതാമസം ഒഴിവാക്കി, ഇതിലെ Paragraph-6 ലെ Sections 5 & 6 കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനും, കോളാമ്പികൾ ഉൾപ്പെടെ നിയമവിരുദ്ധമായ ഉച്ചഭാഷിണികൾ ഉപയോഗിച്ച് ആബാലവൃദ്ധം ജനങ്ങളേയും പീഢിപ്പിച്ച് **Ref-9** ൽ പറയുന്നത് പോലെ വിവിധ രോഗങ്ങൾക്കിരയാക്കുന്ന കുറ്റക്കാർക്കെതിരെ ഇതിലെ Paragraph-7 ലെ Section-15 പ്രകാരം കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കാൻ സർക്കാരും ബന്ധപ്പെട്ട ഉദ്ദ്യോഗസ്ഥരും അടിയന്തിരമായി നടപടിയെടുക്കേണ്ടതാണ്. അതി നെ ഒന്നുകൂടി ബലപ്പെടുത്താനായി ബഹു. മുഖ്യമന്ത്രി അടിയന്തിരമായി ഉത്തരവ്/നിർദ്ദേശം കൂടി നൽകേണ്ടതുമാണ്. ആയതിനായി താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash S)

Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Email: art@art-artist.in
Ph: 8075303289

23.12.2019

To,

The Chief Minister
The Health Minister
The Director General of Police
The Home Secretary (Res. No.2 of Ref-9)
All The District Collectors (Res. No.3 to 16 of Ref-9)
All The District Supdt. of Police (Res. No. 17 to 30 of Ref-9)
The Devaswom Commissioner (Res. No. 2 of Ref-10)
The Director, Vigilance and Anti-Corruption Bureau
The Chairman, Kerala State Pollution Control Board
The Chairman, Kerala State Human Rights Commission

Sir,

Sub: 100 ലേറെ പേർ പിൻതുണയ്ക്കുന്ന ( www.ail.art-artist.in#support ) Ref-1 മാസ് ഇ-പെറ്റീഷനിൽ ആവശ്യപ്പെട്ടത് പ്രകാരം NPR 2000 നടപ്പാക്കാത്തത് സംബന്ധിച്ച്.

Ref:
1. E.ptn4982/2018 dtd. 16.7.2018 to Hon. CM **(Attached)**
2. Letter No. K11-110550/2018/PHQ dtd.29.9.2018
3. Environment Protection Act. 1986, Sec. 15 ( www.ail.art-artist.in Link-4 a)
4. Noise Pollution (Regulation and Control) Rules, 2000, Sec. 5, 6 ( www.ail.art-artist.in Link-4 b)
5. Supreme Court Judgment in CA No. 3735/2005 ( www.ail.art-artist.in Link-4 c)
6. Silence Zone Gazette Notification G.O (P) No. 64/2002 ( www.ail.art-artist.in Link-8)
7. PHQ Notification No. U6-30380/2002 ( www.ail.art-artist.in Link-9)
8. Indian Medical Association Report 2014 Sound & Noise Page-22, 23, 24 ( www.ail.art-artist.in Link-3a)
9. Kerala High Court Order W.A.No.235/1993 to implement NPR 2000 strictly without any Religious Discrimination ( www.ail.art-artist.in Link-12)
10. Kerala High Court Order WP(C) No.30711/2017(L) to remove all Horn Type Loudspeakers from Devaswom Temples ( www.ail.art-artist.in Link-18a, b)
11. Kerala State Human Rights Commission Order HRMP No.4746/2011 ( www.ail.art-artist.in Link-14)
12. W.A.No.235/1993 ലെ 30 കക്ഷികൾക്കും 21.8.2019 ന് അയച്ച പരാതി ( www.ail.art-artist.in Link-27)

10. അനവധി പരാതികൾ ബഹു. മുഖ്യമന്ത്രിക്കും ബന്ധപ്പെട്ടവർക്കും സമർപ്പിച്ചിട്ടും Noise Pollution (Regulation and Control) Rules, 2000 കർശനമായി നടപ്പാക്കാൻ നാളിതുവരെ ആരും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനാൽ ഈ പരാതി അതേപടി മറ്റുള്ള വർക്ക് ഫോർവേഡ് ചെയ്യുന്ന പതിവ് തന്ത്രം ഒഴിവാക്കി സ്വീകർത്താക്കൾ ഓരോരുത്തരും ഗൗരവമായി സ്വയം തങ്ങളുടേതായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

11. **Ref-9** ൽ State of Kerala, Home Secretary, All District Collectors, All District Supdt. of Police, 1 മുതൽ 30 വരെ കക്ഷികളാണ്. മത വ്യത്യാസമില്ലാതെ Noise Pollution (Regulation and Control) Rules, 2000 കർശനമായി നടപ്പാക്കാൻ ഈ ഉത്തരവിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. ആയത് നടപ്പാക്കുന്നതിന് 21.8.2019 ന് ഞാൻ ടി 30 കക്ഷികൾക്കും **Ref-12** സമർപ്പിക്കുകയും, അതിന്മേൽ സ്വീകരിച്ച നടപടിയെ കുറിച്ച് 2, 3, 17 കക്ഷികളോട് RTI Act പ്രകാരം ആരായുകയും ചെയ്തപ്പോൾ ടി കോടതി ഉത്തരവ് കണ്ടെത്താനായില്ല എന്ന വളരെ വിചിത്രവും നിഷേധാത്മകവുമായ മറുപടിയാണ് ലഭ്യമാക്കിയത്.

12. Res. No.3-District Collector Trivandrum(File No.DCTVM/6971/2019-S1 dtd. 26.9.2019); Res. No.6-District Collector Aleppey(DMC.2-158157/19(1) dtd. 9.10.2019); Res. No.9-District Collector Ernakulam(File No.DCEKM/8134/2019-M2 dtd.24.8.2019) എന്നിവർ ടി കേസിലെ തന്നെ കക്ഷികളായ Res. No.17-District SP Trivandrum; Res. No.20-District SP Aleppey; Res. No.23-District SP Ernakulam എന്നിവർക്ക് എന്റെ ടി പരാതി യഥാക്രമം ഫോർവേഡ് ചെയ്ത് സ്വന്തം കർത്തവ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന വിചിത്രമായ തന്ത്രം പ്രയോഗിച്ച ശേഷം യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. Noise Pollution (Regulation and Control) Rules, 2000 ഒരു കാരണവശാലും നടപ്പാക്കരുതെന്ന പ്രത്യേക രഹസ്യ സർക്കാർ നിർദ്ദേശം ഇല്ലാതെ, **Ref-9** വിധിയെ, കോടതി അലക്ഷ്യം കാട്ടി ധിക്കരിക്കാൻ ഈ ഉദ്യോഗസ്ഥർ ഇത്ര ധൈര്യം കാണിക്കുമോ?

13. **Ref-10** ഉത്തരവനുസരിച്ച് ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ കോളാമ്പികൾ മുഴുവനും ഇളക്കി മാറ്റിയിട്ടില്ല, ഗുരുവായൂർ ദേവസ്വത്തിൽ നിന്ന് ലഭിച്ച അഹങ്കാരം നിറഞ്ഞ RTI Act Reply B9-10911/19 dtd. 19.11.2019 (Ref-10) അതിന് തെളിവാണ്. ടി കേസിൽ Res. No.2 ആയ Devaswom Commissioner ഉം ടി ഉത്തരവ് നടപ്പാക്കാതെ കോടതി അലക്ഷ്യം കാട്ടുകയാണ്.

14. Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കുന്നതിന് E.ptn4982/2018 dtd. 16.7.2018, ബഹു. മുഖ്യമന്ത്രി DGP ക്ക് അയച്ച് 14 ദിവസത്തിനകം നടപടി പരാതിക്കാരനേയും മുഖ്യമന്ത്രിയേയും അറിയിക്കണമെന്ന് നിർദ്ദേശം നൽകിയിട്ട് (K11-110550/2018/PHQ dtd. 29.9.2018) **17 മാസമായിട്ടും** ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കാസറഗോഡ്, കട്ടപ്പന, വയനാട്, മലപ്പുറം, തൃശ്ശൂർ സിറ്റി, കണ്ണൂർ ജില്ലകളിലെ SP മാർ റിപ്പോർട്ടുകൾ നൽകുകയും, Special Cell, TVM ലെ ഉദ്യോഗസ്ഥൻ 24.9.2019 ന് എന്റെ വീട്ടിൽ വന്ന് മൊഴിയെടുക്കുകയും ചെയ്തതല്ലാതെ, മറ്റു ജില്ലകളിലെ SP മാർ റിപ്പോർട്ടുകൾ നൽകുകയോ NPR 2000 നടപ്പാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുമില്ല. അതിന് തെളിവായി Trivandrum, Techno Valley, UST Global ൽ 6.12.2019, 10 pm മുതൽ 7.12.2019, 2 am വരെ നടന്ന നിയമവിരുദ്ധ ഉച്ചഭാഷിണി പീഢനവും നിരവധി പരാതികൾക്ക് ശേഷവും പോലീസിന്റെ നിഷ്ക്രിയത്വവും ചൂണ്ടികാട്ടുന്നു. ബഹു. മുഖ്യമന്ത്രി ഇര ആയപ്പോൾ അണികൾ വേട്ടക്കാരന്റെ ഫ്യൂസ് ഊരിയതും, ഇര സാധാരണക്കാരെങ്കിൽ അണികൾ/എം.എൽ.എ/എം.പി/മന്ത്രി/സർക്കാർ, വേട്ടക്കാരുമായി അവിഹിത ബന്ധം സ്ഥാപിച്ച് നിയമവിരുദ്ധ ഉച്ചഭാഷിണി പീഢനം നടത്താൻ രഹസ്യമായി ഒത്താശയും സഹായവും ചെയ്യുന്നതാണ് നിലവിലെ സ്ഥിതി.

15. Ref-6 പ്രകാരം നിശബ്ദ മേഖലയിൽ പെടുന്ന ആരാധനാലയങ്ങൾ സാമൂഹ്യവിരുദ്ധർ/ഗുണ്ടകൾ/ക്രിമിനലുകൾ എന്നിവരുടെ താവളമായിമാറി, ഉത്സവകാലങ്ങളിൽ നിയമവിരുദ്ധ ഉച്ചഭാഷിണികളിലെ തീവ്രശബ്ദത്തിന്റെ മറവിൽ, മോഷണം/അക്രമം/അനാശാസ്യം/ലഹരി വസ്തു വിൽപ്പന/കത്തികുത്ത്/കൊലപാതകം എന്നിവയെല്ലാം നടത്താൻ അവിടെ അനുകൂലമായ സാഹചര്യം ഒരുക്കപ്പെടുന്നു. ആലപ്പുഴ, തുമ്പോളി പള്ളിക്ക് സമീപമുണ്ടായ കൊലയും; അക്രമം കാരണം പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ആരാധനാലയങ്ങളിലെ ഉത്സവങ്ങളിലും മറ്റും ഗാനമേളയ്ക്ക് വിലക്ക് ഏർപ്പെടുത്തിയതും ചില ഉദാഹരണങ്ങൾ.

16. നിയമവിരുദ്ധ ഉച്ചഭാഷിണി പീഢനത്തിനെതിരെ പരാതി നൽകുന്ന ഇരകളുടെ വ്യക്തിവിവരങ്ങൾ വേട്ടക്കാർക്ക് നൽകി ഒറ്റുകൊടുക്കുന്ന ഉദ്യോഗസ്ഥരും; തുടർന്ന് പ്രതികാരത്തോടെ ഇരകളെ ലക്ഷ്യമാക്കി ഉച്ചഭാഷിണികൾ ആയുധമാക്കി പ്രയോഗിച്ച് പീഢിപ്പിക്കുകയും, ആക്രമണത്തിന് വിധേയരാക്കുകയും ചെയ്യുന്ന തീവ്രശബ്ദ-ക്രിമിനലുകളും കൂട്ടുചേർന്ന്, ആരും പരാതിപ്പെടാൻ പോലും ധൈര്യപ്പെടാത്ത സ്ഥിതി സൃഷ്ടിക്കുന്നു, ഈ ദുരവസ്ഥ

അവസാനിക്കണം, സ്ത്രീകളും കുട്ടികളും അടക്കം ഏതൊരു പൗരനും നിർഭയം anonymous ആയി നിയമവിരുദ്ധ ഉച്ചഭാഷിണി പീഢനത്തിനെതിരെ പരാതി നൽകാൻ കഴിയണം, അതിന് ഇലക്ഷൻ കമ്മീഷൻ വിജയകരമായി ഉപയോഗിക്കുന്ന **cVIGIL App** പോലുള്ള ഒരു **Mobile App** അടിയന്തിരമായി നടപ്പാക്കണം.

17. ബഹു. കേരള ഹൈ കോടതി, ട്രാഫിക് നിയമ ലംഘനത്തിന്മേൽ വിധി പുറപ്പെടുവിച്ചാലുടൻ ചാടിവീഴുന്ന സർക്കാർ, അതേ ബഹു. കോടതിയുടെ **Ref-9** ഉത്തരവനുസരിച്ച് NPR 2000 മതവ്യത്യാസമില്ലാതെ കർശനമായി നടപ്പാക്കാതെ, കോടതിയലക്ഷ്യവും അനങ്ങാപ്പാറനയവും സ്വീകരിച്ച് തീവ്രശബ്ദ-ക്രിമിനലുകൾക്ക് ഒത്താശയും സഹായവും ചെയ്തുകൊടുക്കുന്ന ഇരട്ടത്താപ്പ് നയം അതിക്രൂരമാണ്.

18. ഹെൽമെറ്റ് വിധി നടപ്പാക്കാൻ ട്രാൻസ്പ്പോർട്ട് സെക്രട്ടറി വളരെ ശുഷ്കാന്തിയോടെ ബന്ധപ്പെട്ടവർക്കെല്ലാം കത്തയക്കുകയും മാധ്യമങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു, ടി നിയമം ലംഘിക്കുന്നവർക്കെതിരെ ശിക്ഷാനടപടിയെടുക്കാൻ ആരുടേയും പരാതിയും ആവശ്യമില്ല. ഹെൽമെറ്റ് വയ്ക്കാത്തവർ അതിന്റെ ദോഷങ്ങൾ സ്വയം അനുഭവിക്കുമ്പോൾ, NPR 2000 ലംഘിക്കുന്ന തീവ്രശബ്ദ-ക്രിമിനലുകൾ, ഗർഭസ്ഥശിശുക്കൾ ഉൾപ്പെടെ നാട്ടിലെ ആബാലവൃദ്ധം ജനങ്ങളേയും പീഢിപ്പിച്ച് പലവിധ ജീവിതശൈലി രോഗങ്ങൾക്കിരയാക്കി **(Ref-8)** ഇഞ്ചിഞ്ചായി കൊല്ലുന്നു, അവർക്കെതിരെ നിരന്തരം പരാതികൾ നൽകിയാൽ പോലും യാതൊരു ശിക്ഷാനടപടിയും സ്വീകരിക്കാൻ സർക്കാരോ ഉദ്യോഗസ്ഥരോ തയ്യാറല്ല.

19. ആയതിനാൽ:
    a) Noise Pollution (Regulation and Control) Rules, 2000 / Mike Order of Police ൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ മതവ്യത്യാസമില്ലാതെ ഏവരും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഹൈ ടെക് സംവിധാനങ്ങളോടെ സ്ക്വാഡ് രൂപീകരിക്കാനും,
    b) **Ref-4** പ്രകാരം NPR, 2000: 5(1) A loud speaker or a public address system shall not be used except after obtaining written permission from the authority.
    NPR, 2000: 5 (2) A loud speaker or a public address system shall not be used at night between 10.00 p.m. to 6.00 a.m.
    ഇവയിൽ 5(1) പ്രകാരം ആരാധനാലയങ്ങളിൽ സ്ഥിരമായി വച്ചിട്ടുള്ള കോളാമ്പികളും, കോളാമ്പി ഒളിപ്പിച്ച് വച്ചിട്ടുള്ള ബോക്സുകളും ഉൾപ്പെടയുള്ള ഉച്ചഭാഷിണികളെല്ലാം നിയമവിരുദ്ധമാണ് അവയെല്ലാം **ഇളക്കി മാറ്റാൻ (ഒച്ച കുറയ്ക്കാനോ നിർത്തിവയക്കാനോ അല്ല)** അടിയന്തിരമായി നോട്ടീസ് നൽകേണ്ടതും, മാധ്യമങ്ങളിൽ ആവർത്തിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും, അനുസരിക്കാത്ത കുറ്റക്കാർക്കെതിരെ **Ref-3** & **Ref-7, 16(c)** പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതിനും,
    c) ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ 2 ബോക്സുകൾക്ക് മാത്രം ഫീസ് വാങ്ങി അനുമതി നൽകിയശേഷം, അനേകം കോളാമ്പികളും ബോക്സുകളും റോഡരുകിലും കവലകളിലും കൊണ്ടുവച്ച് അതിതീവ്ര ശബ്ദമുണ്ടാക്കി പൊതുജനങ്ങളെ പീഢിപ്പിക്കാൻ ഫീസ് വാങ്ങാതെ അഴിമതിയിലൂടെ മൗനാനുമതി നൽകുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ (വിജിലൻസ് കേസ് ഉൾപ്പെടെ) സ്വീകരിക്കുന്നതിനും,
    d) വിജയകരമായി ഇലക്ഷൻ കമ്മീഷൻ ഉപയോഗിക്കുന്ന **cVIGIL App** പോലുള്ള ഒരു **Mobile App** അടിയന്തിരമായി നടപ്പിലാക്കുന്നതിനും,
    e) Noise Pollution (Regulation and Control) Rules, 2000 ലംഘിക്കുന്നവർക്കെതിരെ **Ref-3** & **Ref-7, 16(c)** പ്രകാരം **ഒരു ലക്ഷം രൂപ വരെ പിഴയോ, അഞ്ച് വർഷം വരെ തടവോ, രണ്ടും കൂടിയോ എന്ന ശിക്ഷ ലഭ്യമാക്കുന്നതിന്** Dy SP/Higher Officer സ്വമേധയാ കേസ് രജിസ്റ്റർ ചെയ്യുന്നതിനും വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash S)

Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Email: art@art-artist.in
Ph: 8075303289

16.7.2018

To,

The Chief Minister
The Health Minister
The Director General of Police
The Chairman, Kerala State Human Rights Commission
The Chairman, Kerala State Pollution Control Board
The Director, Vigilance and Anti-Corruption Bureau
The District Collectors
The Police Commissioners (City & Rural)

Sir,

Sub: E-Petition to implement the Noise Pollution (Regulation and Control) Rules, 2000 of the Hon. Supreme Court.

Ref:
1. http://www.art-artist.in/np.htm
2. http://www.art-artist.in/rti.htm#squad

**<u>സ്വഭവനങ്ങളിൽ സ്വൈരമായി കഴിയാനുള്ള മനുഷ്യാവകാശം</u>**

ഈ പരാതി സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Ref-2 ലെ അനേകം പരാതികൾ ബഹു. മുഖ്യമന്ത്രിക്കും മറ്റു ബന്ധപ്പെട്ടവർക്കും സമർപ്പിച്ചിട്ടുണ്ട്, അവ പലയിടങ്ങളിലേക്കും forward ചെയ്തതല്ലാതെ Action taken report ആവശ്യപ്പെടുക, Follow up action എടുക്കുക എന്നീ നടപടികളൊന്നും സ്വീകരിക്കാത്തതുകൊണ്ടാവാം നാളിതുവരെ കാര്യമായ യാതൊരു ഫലവുമുണ്ടായിട്ടില്ല.

Ref-2 ൽ 9.2.2018 തീയതിയിലെ Special Squad നെ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി സമർപ്പിച്ചശേഷം ശബ്ദമലിനീകരണം നിയന്ത്രിക്കാൻ തിരു. ജില്ലാ കളക്ടർ കെ. വാസുകി, Squad രൂപീകരിച്ചതായ വാർത്ത 13.2.2018 ന് പത്രങ്ങളിൽ വന്നെങ്കിലും പൊതുജനങ്ങൾക്ക് പരാതിപ്പെടാൻ Squad ന്റെ ശരിയായ ഫോൺ നമ്പർ പോലും നൽകിയിട്ടില്ല. പോലീസിന്റെ നിസ്സഹകരണം/മറ്റുദ്ദ്യോഗസ്ഥരുടെ അനാസ്ഥ/രാഷ്ട്രീയ ഇടപെടൽ എന്നിവ കാരണം ആ Squad അട്ടിമറിക്കപ്പെട്ടു. **ഭാരതത്തിലെ ജനങ്ങളുടെ നന്മയും ആരോഗ്യവും ലക്ഷ്യമാക്കിയുള്ള ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് അനുസരിക്കേണ്ടത് എല്ലാ ഭാരതീയന്റെയും കടമയാണ്, അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർ രാജ്യദ്രോഹികളാണ്.** ആരാ-ധനാലയങ്ങളിലെ നിയമവിരുദ്ധ ഉച്ചഭാഷിണികളിലൂടെ അതിരാവിലെ മുതൽ ആരംഭിക്കുന്ന പ്രാർത്ഥന/ഭക്തിഗാനങ്ങൾ തുടങ്ങിയ അരോചകവും അനാവശ്യവുമായ ദുരാചാരം പിഞ്ചുകുഞ്ഞുങ്ങൾ, വിദ്യാർത്ഥികൾ, വിവിധ ജോലികളിലേർപ്പെട്ടിരിക്കുന്നവർ, വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ എന്നിങ്ങനെയുള്ള ആബാലവൃദ്ധം ജനങ്ങളുടേയും ശാരീരിക/മാനസിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു (Ref-1, Link-3).

Ref-2 ൽ 26.4.2018 തീയതിയിലെ Office of the District Police Chief ൽ നിന്ന് ലഭിച്ച നിഷേധാത്മകമായ കത്ത്, Ref-1 ൽ Link-7, Link-13 എന്നിവയിലെ RTI Act പ്രകാരം Police ൽ നിന്ന് ലഭിച്ച വിവരം എന്നിവ പരിശോധിച്ചാൽ, **നിയമവിരുദ്ധ ഉച്ചഭാഷിണികൾ** ഉപയോഗിച്ച് ആബാലവൃദ്ധം ജനങ്ങളെ ദ്രോഹിക്കുന്നതിന് രാജ്യദ്രോഹികൾക്കൊപ്പം നിൽക്കുന്നത് Police തന്നെയാണെന്ന് ബോധ്യമാവും. **Police നൽകുന്ന Mike Order ലെ നിബന്ധനകൾ മുഴുവൻ ലംഘിച്ച് ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ Police തന്നെ സാമൂഹ്യദ്രോഹികളെ അനുവദിക്കുന്നത് തുറന്ന അഴിമതി കാരണമല്ലേ? Police നൽകുന്ന Mike Order ലെ നിബന്ധനകൾ മുഴുവൻ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്? Dy SP & Above Ranked Police Officials സ്ഥലപരിശോധന നടത്തി, ലംഘനം നടത്തുന്നവർക്കെതിരെ Mike Order ൽ തന്നെ പറഞ്ഞിട്ടുള്ള [Noise Pollution Rules]() പ്രകാരം എന്ത്കൊണ്ട് കേസെടുക്കുന്നില്ല? Mike Order ലെ നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാത്ത Police Officials നെതിരെ, Vigilance and Anti-Corruption Bureau മാതൃകാപരമായ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.**

Ref-1 ലെ Link-14, **Case No. H.R.M.P No.4746/2011 ൽ Kerala State Human Rights Commission, 2011 ൽ പുറപ്പെടുവിച്ച ഉത്തരവിൽ [Noise Pollution (Regulation and Control) Rules, 2000]() നടപ്പാക്കാത്ത സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ കോടതി അലക്ഷ്യ കേസുമായി ബഹു. കോടതികളെ സമീപിക്കുമെന്ന് പറഞ്ഞിട്ടുള്ളതും എന്നാൽ നാളിതുവരെ അങ്ങിനെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു.**

സത്യം, നീതി, ധർമ്മം, ആത്മീയത എന്നിവയ്ക്ക് യാതൊരു മൂല്ല്യവും കൽപ്പിക്കാതെ കച്ചവടലക്ഷ്യത്തോടെ മാത്രം പ്രവർത്തിക്കുന്ന ആരാ-ധനാലയങ്ങളുടെ മറവിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന രാജ്യദ്രോഹികളും അഴിമതിക്കാരായ ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ന്യൂനപക്ഷമാണ് ഈ നിയമവിരുദ്ധ ദുഷ്കർമ്മത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. **ബഹു. സുപ്രീംകോടതിയുടെ [Noise Pollution Rules](), Police നൽകുന്ന Mike Order ലെ നിബന്ധനകൾ എന്നിവ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാത്തത് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി/കൃത്യവിലോപം/അനാസ്ഥ; സർക്കാരിന്റെ ഇച്ഛാശക്തിക്കുറവ്/പിടിപ്പുകേട്/നിയമാനുസൃതമായി നടപടിയെടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള ശിക്ഷാനടപടികൾ/വോട്ട് ബാങ്കിനെ ബാധിക്കുമെന്ന തെറ്റിധാരണ എന്നിവ കാരണം മാത്രമാകുന്നു.**

*"ക്ഷയരോഗമുക്ത കേരളത്തിനായി നമുക്ക് ശ്രമിക്കാം സർക്കാർ ഒപ്പമുണ്ട്"*, *"ശ്വാസകോശം സ്പോഞ്ച് പോലെയാണ്"*, *"തല മത്തങ്ങ പോലെയാണ്"* ഇങ്ങനെ പൊതുജനാരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി പല പരസ്യങ്ങളും നിരന്തരം മാധ്യമങ്ങളിലൂടെ കേൾക്കാറുണ്ട്. എന്നാൽ നിയമവിരുദ്ധ ഉച്ചഭാഷിണികൾക്കെതിരെ ഒരൊറ്റ പരസ്യം പോലും കേൾക്കാനാവില്ല. കർണ്ണപടം പാടപോലെയാണ് നിയമവിരുദ്ധ ഉച്ചഭാഷിണികൾ അവയെ തകരാറിലാക്കും, നിങ്ങൾ പോലുമറിയാതെ പലവിധ ജീവിതശൈലി രോഗങ്ങളെ ക്ഷണിച്ചുവരുത്തും എന്നൊക്കെ പറയുന്ന ഒരു പരസ്യം പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ആരോഗ്യവകുപ്പ് മന്ത്രി തന്നെ അവതരിപ്പിച്ച് നിയമവിരുദ്ധ ഉച്ചഭാഷിണികൾക്കെതിരെ സർക്കാർ ഒപ്പമുണ്ടെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്തി സർക്കാരിന്റെ ഇച്ഛാശക്തി വെളിപ്പെടുത്തണം.

**നിയമവിരുദ്ധ ഉച്ചഭാഷിണികൾക്കെതിരെ പരാതി നൽകുന്നവരെ സർക്കാർ ഉദ്യോഗസ്ഥർ തന്നെ ഒറ്റുകൊടുത്ത് പ്രതികാരത്തോടെ അവരെ ലക്ഷ്യമാക്കി ഉച്ചഭാഷിണികൾ ആയുധമാക്കി പ്രയോഗിച്ചും, ആക്രമണത്തിന് വിധേയരാക്കിയും പരാതിക്കാരെ തന്നെ ഇല്ലാതാക്കുന്ന ഇന്നത്തെ ദുരവസ്ഥ അവസാനിപ്പിക്കണം, പൊതുജനങ്ങൾക്ക് നിർഭയം anonymous ആയി പരാതിപ്പെടാൻ 24x7 Toll free ഫോൺ നമ്പരും, പരാതി സ്വീകരിച്ച് Shadow-Police/Squad എന്നിവയുടെ സഹായത്തോടെ ബന്ധപ്പെട്ട SI/CI/Dy SP എന്നിവരെക്കൊണ്ട് കുറ്റക്കാർക്കെതിരെ കേസെടുപ്പിക്കാൻ അധികാരമുള്ള Dy SP & Above Ranked Police Officials ഉൾപ്പെട്ട Squad/Cell ഉം രൂപീകരിക്കണം.**

ആരാ-ധനാലയങ്ങളിൽ സ്ഥിരമായി കോളാമ്പികൾ സ്ഥാപിച്ചിട്ടുള്ളത് അനുവാദമില്ലാതെയാണ്, താഴെപറയുന്ന നിയമങ്ങളെല്ലാം ലംഘിച്ചാണ് അവ പ്രവർത്തിക്കുന്നത്, നിയമപ്രകാരം ആർക്കും യാതൊരിളവും നൽകിയിട്ടുമില്ല. അതിനാൽ അവയെല്ലാം ഇളക്കിമാറ്റുന്നതിന് സമയബന്ധിതമായ അറിയിപ്പ് മാധ്യമങ്ങളിലൂടെ ആവർത്തിച്ച് നൽകേണ്ടതാണ്. ആരാ-ധനാലയങ്ങളിൽ കുമിഞ്ഞ് കൂടുന്ന കള്ളപണത്തിന്റെ അഹങ്കാരമാണ് ഉച്ചഭാഷിണികളുടെ എണ്ണവും തീവ്രതയും ഇത്രയും വർദ്ധിക്കാൻ കാരണം. ടാക്സ് പോലും നൽകാത്ത ആ പണത്തിന്റെ ചെറിയൊരംശമെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സർക്കാർ ഖജനാവിൽ എത്തേണ്ടതാണ്. ഹൈടെക് സംവിധാനങ്ങൾ സജ്ജീകരിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവർക്ക് നോട്ടീസ് അയച്ച് പിഴയടപ്പിക്കുന്നത് പോലെ, **Noise Pollution Rules** ലംഘിക്കുന്ന രാജ്യദ്രോഹികളെ നേരിട്ട് ചെന്ന് തടസ്സപ്പെടുത്തി അനാവശ്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ അവസരം നൽകാതെ **Shadow-Police/Squad** എന്നിവയുടെ സഹായത്തോടെ അതിരാവിലെ മുതൽ സ്വമേധയാ പരിശോധനകൾ നടത്തി ഹൈടെക് സംവിധാനങ്ങൾ ഉപയോഗിച്ച് കോടതിയിൽ പരാജയപ്പെടാത്ത തെളിവുകൾ ശേഖരിച്ച് ആരാ-ധനാലയം നടത്തിപ്പുകാർ/മൈക്ക്സെറ്റ് ഉടമ എന്നിവർക്ക് നോട്ടീസ് അയച്ച് പിഴയടപ്പിക്കുകയും, കുറ്റം ആവർത്തിക്കുകയാണെങ്കിൽ ഒരു ലക്ഷം രൂപ വരെ പിഴയോ, അഞ്ച് വർഷം വരെ തടവോ, രണ്ടും കൂടിയോ എന്ന ശിക്ഷ നൽകുന്നതിന് **Dy SP & Above Ranked Police Officials** സ്വമേധയാ കേസെടുക്കേണ്ടതുമാണ്, ഇത് ചെയ്യാതെ ഒരിക്കലും ഈ നിയമം നടപ്പാക്കാനാവില്ല.

1. A loud speaker or a public address system shall not be used except after obtaining written permission from the authority.
2. There will be complete ban on the use of horn type loud-speakers.
3. A loud speaker or a public address system shall not be used at night (between 10.00 p.m. to 6.00 a.m. except in closed premises for communication within, e.g. auditoria, conference rooms, community halls and banquet halls.
4. Ambient air quality standards in respect of noise for different areas/zones as specified in the Schedule annexed to the rule which is as under:-

| Area Code | Category of Area | Day Time | Night Time |
|---|---|---|---|
| A | Industrial Area | 75dB | 70dB |
| B | Commercial Area | 65dB | 55dB |
| C | Residential Area | 55dB | 45dB |
| D | Silence Zone | 50dB | 40dB |

മന്ത്രവും പ്രാർത്ഥനയുമൊക്കെ പവിത്രമാണ്, ശുദ്ധമായി തയ്യാറെടുപ്പോടെ വരുന്നവർക്ക് മാത്രം പവിത്രസ്ഥാനങ്ങളിൽ ഇരുന്ന് കേൾക്കാനുള്ളവയാണവ, ടോയ്ലറ്റ് പോലുള്ള ഇടങ്ങളിൽ ഇരിക്കുന്നവരേയും, അശുദ്ധകർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേയും, കേൾക്കാൻ താൽപ്പര്യമില്ലാത്തവരേയും ഉച്ചഭാഷിണികൾ വച്ച് അത്യുച്ചത്തിൽ അവ അടിച്ചേൽപ്പിക്കാൻ ഒരു മതഗ്രന്ഥത്തിലും പറയുന്നില്ല. Following Quotes taken from the Judgment of Supreme Court of India in Case No. 3735/ 2005 strengthens this statement.

“There were no loudspeakers in the old days. When different civilisations developed or adopted different faiths or when holy books were written to guide devotees, they did not mention the use of loudspeakers as being vital to spread religious devotion. So the use of loudspeakers cannot be a must for performing any religious act. Some argue that every religion asks its followers to spread its teachings and the loudspeaker is a modern instrument that helps to do this more effectively. They cannot be more wrong. No religion ever says to force the unwilling to listen to expressions of religious beliefs.
In the Bhagavad Gita, Krishna says to Arjuna: "This secret gospel of the Gita should never be imparted to a man who lacks penance, nor to him who is wanting in devotion, nor even to him who lends not a willing ear; and in no case to him who finds fault with Me... He

who, offering the highest love to Me, preaches the most profound gospel of the Gita among My devotees, shall come to Me alone; there is no doubt about it" (18.67-68).

The gospel should be delivered to only those who enjoy listening to it and who have the patience to do so. It shall never be forced upon those who do not want it. The holy Qur’an says, "Lakum Deenokum Walia Deen" your religion and belief is for you and my religion and belief is for me. Each stay happy with her own religion and belief. It never says, make others listen to the gospel of your faith by using loudspeakers.

A similar instance is found in Biblical literature. The Gospel according to Saint Luke says: "When Jesus had called the Twelve together, he gave them power and authority to drive out all demons and to cure diseases, and he sent them out to preach the kingdom of God and to heal the sick. He told them: ’Take nothing for the journey no staff, no bag, no bread, no money, no extra tunic. Whatever house you enter, stay there until you leave that town. If people do not welcome you, shake the dust off your feet when you leave their town, as a testimony against them’. So they set out and went from village to village, preaching the gospel and healing people everywhere" (9.1-10).”

ഹിന്ദു മതത്തിന് 4000, ക്രിസ്തു മതത്തിന് 2000, ഇസ്ലാം മതത്തിന് 1400 വർഷവും പഴക്കം. ഈ മതങ്ങളുടെ മറവിൽ പൊതുജനങ്ങളെ ദ്രോഹിക്കാൻ ഉപയോഗിക്കുന്ന ഉച്ചഭാഷിണി കണ്ടുപിടിച്ചത് 1924 ൽ, വെറും 94 വർഷം മാത്രം പഴക്കം. അതായത് ആരാധനാലയങ്ങളിൽ ആത്മീയത വെടിഞ്ഞ് കച്ചവടം മുഖ്യലക്ഷ്യമാക്കാൻ വേണ്ടി മാത്രമാണ് ഉച്ചഭാഷിണി ഉപയോഗിക്കാൻ തുടങ്ങിയതെന്ന് വ്യക്തം. അന്ധവിശ്വാസികൾ/പാപികൾ/ഭീരുക്കൾ എന്നിവരെ കബളിപ്പിച്ചും ചൂഷണം ചെയ്തും അവരുടെ ധനം തട്ടിയെടുക്കാനുള്ള ആർത്തി മൂലമുണ്ടായ പരിഷ്കാരം മാത്രമാണ് ഈ ദുരാചാരം. ഇതിൽ നന്മയുടെ ചെറിയൊരംശമെങ്കിലും ഉണ്ടായിരുന്നെങ്കിൽ ആരാ-ധനാലയങ്ങൾക്ക് ചുറ്റും നിവസിക്കുന്നവർക്കെല്ലാം നന്മയും ഐശ്വര്യവും, നാട്ടിൽ ശാന്തിയും സമാധാനവും ഉണ്ടാവുകയും, കുറ്റവാളികളുടെ എണ്ണം വർദ്ധിക്കുന്നതിന് പകരം കുറയുകയും ചെയ്യുമായിരുന്നു. അങ്ങിനെ അല്ലാത്തതിനാൽ ഈ public nuisance ശുദ്ധ തട്ടിപ്പാണെന്ന് വിശ്വസിക്കുകയേ നിവർത്തിയുള്ളൂ. സതി, ശിശുവിവാഹം തുടങ്ങി പല social evils ഉം നിർത്താമെങ്കിൽ, ഈ ദുരാചാരത്തിനെതിരെയുള്ള ബഹു. സുപ്രീംകോടതി ഉത്തരവും കർശനമായി നടപ്പാക്കുക തന്നെ വേണം.

മേൽപറഞ്ഞ കാര്യങ്ങൾ അതീവ ഗൗരവമായെടുത്ത്, ആബാലവൃദ്ധം ജനങ്ങളേയും വളരെയധികം ദോഷകരമായി ബാധിക്കുകയും വിവിധ ജീവിതശൈലി രോഗങ്ങൾക്ക് ഇരയാക്കുകയും ചെയ്യുന്ന ഈ സാമൂഹ്യവിപത്തിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിനായി ബഹു. സുപ്രീംകോടതിയുടെ Noise Pollution (Regulation and Control) Rules, 2000 കർശനമായി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,



(Subhash S)